"ഭരണ ഭാഷ - മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്
# (കേരള സംസ്ഥാനം)

നമ്പർ. എ1/32296/2017

ട്രെയിനിംഗ് ഡയറക്ടറേറ്റ് തൊഴിൽ ഭവൻ വികാസ് ഭവൻ
തിരുവനന്തപുരം -33

തിരുവനന്തപുരം
07. 04. 2018

**സർക്കുലർ**

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് -പാർട്ട് ടൈം സർവീസിൽ നിന്നും ഫുൾ ടൈം സർവീസിൽ പ്രവേശിച്ച ജീവനക്കാർ - പങ്കാളിത്ത പെൻഷൻ സ്കീമിൽ തുടരുന്നത് -സംബന്ധിച്ച്

സൂചന :- സർക്കാർ കത്ത് നമ്പർ സി 1 / 313 / 2017 / തൊഴിൽ തീയതി 16 / 3 2018

സംസ്ഥാനത്ത് പങ്കാളിത്ത പെൻഷൻ നിലവിൽ വന്ന 1/ 4/ 2013 ന് ശേഷം പാർട്ട് ടൈം സർവീസിൽ നിന്നും ഫുൾ ടൈം സർവീസിൽ പ്രവേശിച്ച ജീവനക്കാർ സ്റ്റാറ്റൂട്ടറി പെൻഷൻ സ്കീമിലാണോ പങ്കാളിത്ത പെൻഷൻ സ്കീമിലാണോ തുടരേണ്ടത് എന്നത് സംബന്ധിച്ച് സർക്കാരിലേക്ക് സ്പഷ്ടീകരണത്തിനായി ശുപാർശ സമർപ്പിക്കുകയും സൂചന കത്ത് പ്രകാരം ചുവടെ പറയുന്ന വിവരങ്ങൾ സർക്കാർ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

സ.ഉ (പി) നമ്പർ 20 / 2013 / ധന തീയതി 7 / 1 / 2013 പ്രകാരം 1 / 4 / 2013 മുതൽ സർവീസിൽ നിയമിക്കപ്പെടുന്നവരും കെ.എസ്.ആർ ഭാഗം III പ്രകാരം പെൻഷൻ ലഭിക്കുമായിരുന്നവരെയുമാണ് ദേശീയ പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾക്കാധാരം പാർട്ട് ടൈം കണ്ടിജന്റ് സ്പെഷ്യൽ റൂൾസ് ആണ്. പാർട്ട് ടൈം തസ്തികയിൽ നിന്നും ഫുൾ ടൈം തസ്തികയിലേക്ക് പ്രവേശിക്കുമ്പോൾ അവർ കെ.എസ്.ആർ ഭാഗം II ന്റെ പരിധിയിൽ ഉൾപ്പെടുന്നതാണ്. ആയതിനാൽ സംസ്ഥാനത്ത് പങ്കാളിത്ത പെൻഷൻ നിലവിൽ വന്ന 1 / 4 / 2013 ന ശേഷം പാർട്ട് ടൈം സർവീസിൽ നിന്നും ഫുൾ ടൈം സർവീസിൽ പ്രവേശിച്ച ജീവനക്കാർ പങ്കാളിത്ത പെൻഷൻ പദ്ധതിയാണ് ബാധമാകുന്നത്.

മേൽ സാഹചര്യത്തിൽ പങ്കാളിത്ത പെൻഷൻ സ്കീം നിലവിൽ വന്ന 1 / 4 / 2013 ന ശേഷം പാർട്ട് ടൈം തസ്തികയിൽ നിന്നും ഫുൾ ടൈം തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ജീവനക്കാരിൽ ആരെങ്കിലും സ്റ്റാറ്റൂട്ടറി പെൻഷൻ സ്കീമിൽ തുടരുന്നുണ്ടെങ്കിൽ അവരുടെ വിവരം താഴെകാണുന്ന പ്രൊഫോർമയിൽ 30/4/2018 ന മുൻപ് അറിയിക്കേണ്ടതാണ്. ഇല്ലായെങ്കിൽ NIL സ്റ്റേറ്റ്മെന്റ് അയച്ചു തരേണ്ടതാണ്.

| ക്രമ നമ്പർ | ജീവനക്കാരന്റെ പേരും തസ്തികയും | പാർട്ട് ടൈം തസ്തികയിൽ പ്രവേശിച്ച തീയതി | ഫുൾ ടൈം തസ്തികയിൽ പ്രവേശിച്ച തീയതി |
|---|---|---|---|
| | | | |
| | | | |

സബിൻ ജോസ്
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

സ്വീകർത്താവ്

ഈ വകുപ്പിലെ എല്ലാ സ്ഥാപന മേധാവികൾക്കും